പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2770 21.06.2012 – ൽ മറുപടിക്ക്**

**<u>ഹോട്ടലുകൾ-വിലനിലവാരവും ഏകീകരണവും</u>**

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| **ശ്രീ. പി.കെ. ബഷീർ** | **ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)** |
| എ) പല ഹോട്ടലുകളിലും വിലവിവരം പ്രദർശിപ്പിക്കുന്നില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) വിരളമായി ചില കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 1977 ലെ കേരളാ ഫുഡ് സ്റ്റഫ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർ പ്രകാരം ഹോട്ടലുകളിൽ വില്പന നടത്തുന്ന ഭക്ഷണസാധനങ്ങളുടെ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കേണ്ട താണ്. ഇത് ഉറപ്പാക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പിലെ പരിശോധന ഉദ്യോഗസ്ഥർ മാത്ര മായും പോലീസ്, ആരോഗ്യം, റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും ഹോട്ടലു കളിൽ നിരന്തരം പരിശോധന നടത്തി നിയമലംഘനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിച്ചു വരുന്നു. |
| ബി) ഹോട്ടലുകളിലെ സൗകര്യങ്ങളും നിലവാരവും അനുസരിച്ച് അവയെ തരംതിരിക്കുന്നതിനും തരംതിരിവിന്റെ അടിസ്ഥാനത്തിൽ വില ഏകീകരിക്കു ന്നതിനും നടപടി സ്വീകരിക്കുമോ; | ബി) ഹോട്ടലുകളിലെ സൗകര്യവും നിലവാ രവും അനുസരിച്ച് തരംതിരിക്കു ന്നതും വില ഏകീകരിക്കുന്നതും പരിഗണിക്കുന്ന കാര്യം ആലോചിച്ചു വരുന്നുണ്ട്. |
| സി) സാധാരണക്കാർക്ക് പ്രാപ്യമായ തരത്തിൽ വില ഈടാക്കുന്ന മാവേലി ഹോട്ടലുകൾ പ്രധാന സ്ഥലങ്ങളി ലെല്ലാം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ? | സി) സർക്കാർ നിശ്ചയിക്കുന്ന കുറഞ്ഞ വിലയ്ക്ക് ഭക്ഷണപദാർത്ഥങ്ങൾ വിൽക്കുന്ന മാവേലി ഹോട്ടലുകൾ ഓരോ താലൂക്കിലും ഒന്ന് വീതം തുടങ്ങുവാനുള്ള തീരുമാനം എടുത്തി ട്ടുണ്ട്. പുതിയതായി മാവേലി ഹോട്ടലുകൾ തുടങ്ങുവാൻ സന്നദ്ധ രായ വ്യക്തികളോ സംഘടനകളോ മുന്നോട്ടു വന്നാൽ ആയതിനുള്ള സഹായസഹകരണങ്ങൾ സർക്കാ രിന്റെ ഭാഗത്തുനിന്നും നൽകുന്ന താണ്. |

സെക്ഷൻ ഓഫീസർ.